Talented Bankers Literary Panel
പുസ്തക പരിചയം 179

പുസ്തകം പരിചയപ്പെടുത്തുന്നത്,
ശശിധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMEC, കാഞ്ഞങ്ങാട്.

പേറ്റു നോവൊഴിയാതെ
അരുണിചന്ദ്രൻ കാടകം.

"കീഴടങ്ങുകയല്ല പ്രതിരോധത്തിന്റെ ശക്തി പകരുകയാണ് ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നത്...."
പ്രസാധക കുറിപ്പിലെ വാക്കുകളാണ്. ഈ കെട്ട കാലത്ത് ഈ ഒരു വെറും സാധാരക്കാരിയായ അമ്മയുടെ ഈ ഒരു ചെറിയ പുസ്തകം പ്രസക്തമാവുന്നത് അങ്ങിനെയാണ്.

അരുണിയുടെ അമുഖത്തിൽ നിന്ന്..
... "പേറ്റു നോവോഴിയാത്തവരാണ് എൻഡോസൾഫാൻ ഗ്രാമത്തിലെ അമ്മമാർ. അതിലൊരാളായത് കൊണ്ടുമാത്രം അക്ഷരങ്ങളുടെ ലോകത്തേക്ക് വന്ന ഒരാളാണ് ഞാൻ....

..."എന്നെങ്കിലും ഞങ്ങളുടെ മക്കൾക്ക് നീതി കിട്ടുമെന്നും അവരുടെ ലോകം വർണ്ണശലഭങ്ങൾ പോലെ സുന്ദരമാകുമെന്നും ഇവിടുത്തെ അമ്മമാരുടെ പേറ്റുനോവോഴിയുമെന്നും ഞങ്ങൾ സ്വപ്നം കാണുന്നു..."

'സമരവീര്യം പതയുന്ന സങ്കടവാക്കുകൾ ' എന്ന അംബികസുതൻ മാങ്ങാട് എഴുതിയ അവതാരികയിൽ നിന്ന്..

... "ധർമ്മസങ്കടങ്ങളുടെ നിലയില്ലാ നടുക്കടലിൽ വീണുപോയ ഒരു അമ്മ കുടിച്ച കണ്ണീരാണ് ഈ പുസ്തകം. കണ്ണു നനയാതെ ഒരു സഹൃദയനും വായന തീരുകയില്ല.
ഒരമ്മയുടെ കണ്ണീര് മാത്രമല്ല കാൽ നൂറ്റാണ്ടുകാലത്തോളം ഭരണകൂടം ഒരു തെറ്റും ചെയ്യാത്ത, നിഷ്കളങ്കരായ പാവം ജനതയുടെ മേൽ എൻഡോസൾഫാൻ എന്ന മാരക രാസവിഷം കോരിയൊഴിച്ചതിന്റെ ഫലമായി നിർദ്ദയം ശിക്ഷിക്കപ്പെട്ട കാസർകോട്ടെ എല്ലാ അമ്മമാരുടെയും കണ്ണീരുപ്പ് കൂടി ഈ പുസ്തകത്തിൽ കവിയുന്നുണ്ട്...."

എൻഡോസൽഫൻ കെട്ടുകഥയാണ് എന്ന് ഇപ്പോഴും പറയുന്ന, മനുഷ്യപറ്റില്ലാത്ത, കരുണ വറ്റിപ്പോയവർക്കുള്ള മറുപടി കൂടിയാണ് ഈ പുസ്തകം... "

എഴുത്തുകാരി തന്നെ സൂചിപ്പിച്ചിരുന്നല്ലോ, പഠിക്കാൻ പിന്നോക്കാമായിരുന്ന, പത്താം ക്ളാസിനപ്പുറം ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത, ഒന്നിനും കൊള്ളാത്തവൾ എന്ന ബോധം എപ്പോഴും കൊണ്ടു നടന്നവൾ എഴുത്തിന്റെയും തനിക്കൊപ്പം 'പേറ്റുനോവോഴിയാത്ത 'അമ്മമാരുടെയും വേദനകൾക്കൊപ്പം ചേർന്ന് നടക്കുകയും ചെയ്യുന്നത് കുഞ്ഞുണ്ണിയുടെ അമ്മയായതിൽ പിന്നീടാണ്.

ചെറുപ്പത്തിലേ അച്ഛന്റെ സ്നേഹവാത്സല്യങ്ങൾ, കരുതലുകൾ, നിസ്സഹായാവസ്ഥകൾ, സ്കൂൾ, പ്രകൃതി ഒക്കെ നേരുള്ള സ്വന്തം അനുഭവങ്ങളായി പകത്തിയിരിക്കുന്നു. നിന്റെ ചിത്രം എന്നൊരു മനോഹര പ്രണയാനുഭവം നാലാം അധ്യായമായി പുസ്തകത്തിൽ ചേർത്തിട്ടുള്ളത് വായിക്കുന്നവരെ പ്രണയത്തിന്റെ മനോഹരമായ ഏതൊക്കെയോ അത്യുന്നതതലങ്ങളിൽ എത്തിക്കും എന്നതിൽ സംശയമില്ല. കണ്ണീർശലഭങ്ങളാണ്.. പ്രസവിച്ചയുടൻ സ്വന്തം മകനെ അടുത്തൊന്നു കാണാൻ കൂടി കഴിയാത്ത, പിന്നീട് ആശുപത്രികൾ തോറും സ്വന്തം മകന്റെ വേദനകൾക്കൊപ്പം അലഞ്ഞിരുന്ന ഒരു സാധാരണ യുവതി ചെറുപ്പത്തിൽ എന്നോ കേട്ട 'ഇവിടെ ഞാനില്ല നമ്മളെ ഉള്ളൂ ' എന്ന അനുഭവവും അതിലേക്കു അവളെ എത്തിച്ച സുമനസ്സുകൾ. ആശുപത്രിയിലെ കൂട്ടിരുപ്പുകാർ, നസീമ, നസീമ കാട്ടിത്തന്ന സ്നേഹചിത്രങ്ങൾ, കൃഷ്ണേട്ടൻ, മരുന്നിനും ചികിത്സയ്ക്കും ഒപ്പം അതിലും ഇരട്ടി മനുഷ്യത്വം പകർന്നു നൽകിയ ഡോക്ടർമാർ, സ്നേഹവീട്, DYFI, സുരേഷ് ഗോപി എം പി, അംബികസുതൻ മാങ്ങാട്... എന്നിവർക്കൊക്കെയുള്ള സ്നേഹം കൂടിയാണ് ഈ പുസ്തകം.

ഏത് പ്രതിസന്ധിയിലും പ്രത്യാശയോടെ മുന്നോട്ടുനീങ്ങാൻ പ്രേരിപ്പിക്കുന്ന ഒരു ചെറിയ പുസ്തകം. ഒരു തുള്ളി കണ്ണീർ പൊടിയാതെ ഈ പുസ്തകം വായിച്ചു തീർക്കാൻ ആവില്ല ഒപ്പം ആ കണ്ണീർതുള്ളിയിലൂടെ ദൂരെ കാണുന്ന പ്രതീക്ഷയുടെ, പ്രത്യാശയുടെ ഒരു നുറുങ്ങു വെളിച്ചവും.

"വറ്റാത്ത കണ്ണീരിനപ്പുറത്തു ജീവിതത്തെ യാഥാർത്ഥ്യ ബോധത്തോടെ നേരിട്ട മനസ്സുമായി നീങ്ങുന്നിടത്തു പുതുജീവിതത്തിന്റെ സ്പന്ദനങ്ങൾക്കിടം കൊടുക്കുന്നു "..

പ്രസാധനം: സ്നേഹവീട് അമ്പലത്തറ
വില.100/-